1. സ്വർഗ്ഗീയപിതാവെ നിൻതിരുഹിതം
സ്വർഗ്ഗത്തിലെപ്പോലെ ഭൂവിൽ ആക്കണേ
നിൻഹിതം ചെയ്തോനാം നിൻ സുതനെപ്പോലെ
ഇന്നു ഞാൻ വരുന്നേ നിൻഹിതം ചെയ്‌വാൻ

**എൻ ദൈവമേ നിന്നിഷ്ടം ചെയ്യുവാൻ**
**വന്നീടുന്നേ ഞാനിന്നുമോദമായ്**
**എന്റെ ഇഷ്ടം ഒന്നും വേ  പ്രിയനെ**
**അങ്ങേ ഇഷ്ടം എന്നിൽ പൂർണ്ണമാക്കണേ... എൻ**

2. നന്മയും പൂർണ്ണ പ്രസാദമുള്ള
തൻഹിതമെന്തെന്നു ഞാനറിയുവാൻ
എൻമനം പുതുക്കി മാറിടുന്നേ നിത്യം
നിന്ദ്യമാണെനിക്കി ലോകലാവണ്യം

3. ഞാനവനുള്ളം കൈയിലിരിക്കയാൽ
ആരുമില്ലെനിക്കു ദോഷം ചെയ്യുവാൻ
ഇന്നെനിക്കുവന്നു നേരിടുന്നതെല്ലാം
നിൻഹിതം ആണെന്നു  ഞാനറിയുന്നു... എൻ

4. എൻ തലയിലെ മുടികളുമെല്ലാം
നിർണ്ണയമവനെണ്ണിയറിയുന്നു
ഒന്നതിൽ നിലത്തു വീണിടെണമെങ്കിൽ
ഉന്നതനറിഞ്ഞേ സാദ്ധ്യമായിടൂ

...എൻ

5. യേശു ക്രിസ്തുവിൻ ശരീരയാഗത്തിൽ
ഉള്ള ഇഷ്ടത്തിൽ ഞാൻ ശുദ്ധനായ് തീർന്നു
ദൈവ ഇഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ
പൂർണ്ണ സഹിഷ്ണത ഏകണെ പ്രിയ

...എൻ

6. ആരുമറിയാത്ത ശ്രേഷ്ഠഭോജനം
ഞാൻ ഭുജിച്ചു നിത്യം ജീവിച്ചീടുന്നു
എന്റെ രക്ഷകന്റെ ഇഷ്ടമെല്ലാം ചെയ്തു
വേലതികയ്ക്കുന്നതെന്റെ ആഹാരം

...എൻ

7. എന്റെ കഷ്ടങ്ങൾ ദൈവം തരുന്നതാൽ
എന്റെ പ്രാണനെ താൻ യാഗമാക്കുന്നു
എന്നെ തകർത്തീടാൻ താതനിഷ്ടമെങ്കിൽ
തൻഹിതമെന്നിൽ സംപൂർണ്ണമാക്കട്ടെ

...എൻ

1. Sorgeeya pithaave nin thiru hitam
Sorgahile pole bhoovil aakkane
Nin hitham cheithonam nin suthane poley
Innu njan varunne nin hitham cheivaan

**En deivame ninnishtam  cheyyuvaan**
**Vaneedunne njaninnu mothammai**
**Ente eshtam onnum venda priyane**
**Ange eshtam ennil poornamaakane**

**.... En**

2. Nanmayum poorna prasathavumulla
Than hithamenthennu njanariyuvaan
En manam pudukki marridunne nithyam
Ninnyamanekki loga lavanyam

...En

3. Njanavanullam kayyilirikkayaal
Aarumilenikku dhosham cheyyuvan
Ennenikkuvannu neridunnathellam
Nin hitham aanennu njanariyunnu

...En

4. En thalyile mudigalumellam
Nirnayamavannenni yariyunnu
Onnathil nilathu veenidanamengil
Unnathanarinje sadhyamayidu

...En

5. Yesu christhuvin sareera yagathil
Ulla eshtathil njan suthanaai theernnu
Deiva eshtam cheithu vakdhatham prbhippan
Poorna sahishnatha egane priya

...En

6. Aarumariyatha sreshtta bhojanam
Njan bhujichu nithyam jeevichidunnu
Ente rakshakante eshttamellam cheithu
Vela thigaikkunnathente aaharam

...En

7. Ente kashttangal deivam tharunnathal
Ente pranane than yaga maakkunnu
Enne thagartheedaan thathanishttamengil
Than hithamennil sampoorna maakkatte

...En